# MERUVAMBAYI M U P SCHOOL

Work sheet 3

**Social science**

**Class 7** **19/06/2020**

********************************************************************************




********************************************************************************

പ്രിയപ്പെട്ട കുട്ടികളെ,

സാമൂഹ്യ ശാസ്ത്രത്തിന്റെ  കഴിഞ്ഞ വർക്ക് ഷീറ്റിൽ ഹഗിയ സോഫിയ എന്ന ചരിത്ര സ്മാരകത്തെ കുറിച്ചും അത് ഇപ്പോൾ എവിടെയാണ് സ്ഥിതി ചെയ്യുന്നതെന്നും നമ്മൾ മനസ്സിലാക്കിയല്ലോ.




ഭൂപടത്തിൽ കോൺസ്റ്റാന്റിനോപ്പിൾ ഏഷ്യയ്ക്കും യൂറോപ്പിനും  ഇടയിലാണ് സ്ഥിതി ചെയ്യുന്നത് എന്നും  മനസ്സിലാക്കി.

കിഴക്കൻ റോമാസാമ്രാജ്യത്തിലെ തലസ്ഥാനമായിരുന്ന കോൺസ്റ്റാന്റിനോപ്പിളിന് ലോക ചരിത്രത്തിൽ സുപ്രധാനമായ സ്ഥാനമാണ് ഉണ്ടായിരുന്നത്. എന്തെല്ലാമായിരുന്ന കോൺസ്റ്റാന്റിനോപ്പിളിന്റെ സവിശേഷതകൾ എന്ന് നോക്കാം.

*വിജ്ഞാനത്തിന്റെ കേന്ദ്രം ആയിരുന്നു.
* പണ്ഡിതന്മാരുടെയും അമൂല്യ ഗ്രന്ഥങ്ങളുടെയും കേന്ദ്രമായിരുന്നു.
* ഏഷ്യൻ രാജ്യങ്ങളിൽ നിന്ന് യൂറോപ്യൻ രാജ്യങ്ങളിലേക്കുള്ള പ്രധാന പ്രവേശന കവാടം ആയിരുന്നു.

1453- ൽ തുർക്കികൾ കോൺസ്റ്റാന്റിനോപ്പിൾ കീഴടക്കി. അതോടെ നൂറ്റാണ്ടുകളായി നിലനിന്നിരുന്ന കിഴക്കൻ റോമാസാമ്രാജ്യം തകർന്നു. അവിടെ കേന്ദ്രീകരിച്ചിരുന്ന പണ്ഡിതന്മാരും കലാകാരന്മാരും സാഹിത്യകാരന്മാരും ഉൾപ്പെടെയുള്ള നിരവധി ആളുകൾ തൊട്ടടുത്ത പ്രദേശങ്ങളിലേക്ക് പലായനം ചെയ്തു. അവരിൽ വലിയൊരു വിഭാഗം ഇറ്റാലിയൻ നഗരങ്ങളിൽ ആയിരുന്നു എത്തിച്ചേർന്നത്. പുരാതന ഗ്രീക്ക് റോമൻ സംസ്കാരത്തിന്റെ പൈതൃകം പേറുന്ന രാജ്യമായിരുന്നു ഇറ്റലി. ഇറ്റലിയിലെ സമ്പന്നരായ വ്യാപാരികൾ കല, സാഹിത്യം, സംസ്കാരം എന്നിവ പ്രോത്സാഹിപ്പിച്ചു. ചരിത്ര പൈതൃകങ്ങൾ സംരക്ഷിക്കുന്നതിൽ ഈ സമ്പന്ന വ്യാപാരികൾ താൽപരരായിരുന്നു. ഇത്തരം സവിശേഷതകളുള്ള ഇറ്റലിയിൽ എത്തിച്ചേർന്ന പണ്ഡിതൻമാർക്ക് കൂടുതൽ ചിന്തിക്കാനും പഠിക്കാനും ഉള്ള അവസരങ്ങൾ ലഭിച്ചു. പതിമൂന്നാം നൂറ്റാണ്ടിന്റെ അവസാനത്തോടെ ഇന്ത്യയിൽ ആരംഭിച്ച നവോത്ഥാന പ്രക്രിയ കൂടുതൽ വളരുകയും വ്യാപിക്കുകയും ചെയ്തു.

<u>പ്രവർത്തനം 1</u>

* പദസൂര്യൻ പൂർത്തിയാക്കാം

കോൺസ്റ്റാന്റിനോപ്പിളിൽ അധിവസിച്ചിരുന്ന പണ്ഡിതന്മാരും സാഹിത്യകാരന്മാരും ഇറ്റലിയിൽ എത്തിച്ചേരാനുള്ള കാരണം മുകളിലത്തെ ഖണ്ഡികയിൽ നിന്ന് കണ്ടെത്തി പദസൂര്യൻ പൂർത്തിയാക്കാം.



* തുർക്കികൾ കോൺസ്റ്റാന്റിനോപ്പിൾ കീഴടക്കിയ വർഷം ഏത്?

* കോൺസ്റ്റാന്റിനോപ്പിളിന്റെ സവിശേഷതകൾ എന്തെല്ലാം?

## നവോത്ഥാനം

മധ്യകാലഘട്ടത്തിൽ കല, സാഹിത്യം ചരിത്രം എന്നിവ മതപരമായ ആശയങ്ങൾ കേന്ദ്രീകരിച്ചുള്ളവയായിരുന്നു. യൂറോപ്പിലെ പണ്ഡിത ഭാഷകളായി കണക്കാക്കപ്പെട്ടിരുന്നത് ലാറ്റിൻ ഗ്രീക്ക് എന്നിവയായിരുന്നു ഈ ഭാഷകളിൽ ആയിരുന്നു കൃതികൾ രചിച്ചിരുന്നത്. എന്നാൽ പതിമൂന്നാം നൂറ്റാണ്ടിലെ തുടക്കത്തോടെ ലാറ്റിൻ ഗ്രീക്ക് എന്നീ ഭാഷകൾക്ക് പകരം ഇംഗ്ലീഷ് സ്പാനിഷ് ഫ്രഞ്ച് തുടങ്ങിയ പ്രാദേശിക ഭാഷകളിൽ കൃതികൾ രചിക്കാൻ തുടങ്ങി. സാധാരണ മനുഷ്യരുടെ ജീവിതമായിരുന്നു ഇത്തരം കൃതികളിലെ പ്രതിപാദ്യം. അതോടെ മതപരമായ ആശയങ്ങൾ ക്കു പകരം മനുഷ്യജീവിതത്തിന് പ്രാധാന്യം ലഭിക്കുന്ന തരത്തിൽ സാഹിത്യത്തിന്റെ ഉള്ളടക്കം മാറി. സമാനമായ മാറ്റങ്ങൾ ചിത്രകല ശിൽപവിദ്യ തുടങ്ങിയ മേഖലകളിലും ഉണ്ടായി. ഇത്തരത്തിൽ മനുഷ്യജീവിതത്തിന് പ്രാമുഖ്യം കൊടുത്തുകൊണ്ടുള്ള കാഴ്ചപ്പാടിനെയാണ് മാനവികത എന്ന് പറയുന്നത് പ്രപഞ്ചത്തെ കുറിച്ചും ജീവിത സാഹചര്യങ്ങളെക്കുറിച്ചും വ്യത്യസ്തമായ രീതിയിൽ ചിന്തിക്കുവാൻ മാനവികത പ്രേരിപ്പിച്ചു. യുക്തിചിന്തയുടെയും  അന്വേഷണത്വരയുടെയും. മനുഷ്യജീവിതത്തിലെ നാനാ മേഖലകളിലും പുത്തൻ ഉണർവാണ് ഇതിലൂടെ സൃഷ്ടിക്കപ്പെട്ടത്. ഇത്തരത്തിലുള്ള ഉണർവാണ് നവോത്ഥാനം വളർച്ചയ്ക്ക് ഇത് കാരണമായി.

## പ്രവർത്തനം 2

മുകളിൽ കൊടുത്തിട്ടുള്ള നവോത്ഥാനം എന്ന പാഠഭാഗം വായിച്ച് മധ്യകാലഘട്ടത്തിലെ സവിശേഷതകളും, പതിമൂന്നാം നൂറ്റാണ്ടോടെ ഉണ്ടായ മാറ്റങ്ങളും പട്ടികപ്പെടുത്തുക.

*പട്ടിക പൂർത്തിയാക്കാം

| മധ്യകാലഘട്ടത്തിലെ സവിശേഷതകൾ | പതിമൂന്നാം നൂറ്റാണ്ടോടെ ഉണ്ടായ മാറ്റങ്ങൾ. |
|---|---|
| | |
| | |
| | |
| | |

*****************************************************************